# കർമങ്ങളുടെ പൂർണതയും അപൂർണതയും

قَالَ سلْمَان الفارسي رَضِيَ اللَّهُ عَنْهُ خَطَبَنَا رَسُولُ الله ﷺ ...من فَطَّرَ فِيه صَائِمًا كَانَ مَغْفِرَةً لِذُنُوبِه وَعِتْقَ رَقَبَتِه مِنَ النَّارِ وَكَانَ لَهُ مِثْلُ أَجْرِه مِنْ غَيرِ اَنْ يَنْقُصَ مِنْ أَجْرِه شَيْئٌ. قَالُوا يَا رَسُولَ اللّه لَيْسَ كُلُّنَا يَجِدُ مَا يُفَطِّرُ الصَّائِمَ فَقَالَ رَسُولُ اللّه ﷺ يُعْطِي اللهُ هذَا الثَّوَابَ مَنْ فَطَّرَ صَائِمًا عَلى تَمْرَةٍ اَوْ عَلَى شُرْبَةِمَاءٍ اَوْ مَذْقَةِ لَبَنٍ .( ابن خزيمة)

**“സൽമാനുൽ ഫാരിസി (റ) പറഞ്ഞു: നബി (സ) ഞങ്ങളോടു പ്രസംഗിച്ചു ....അതിൽ (റമദാനിൽ) ആരെങ്കിലും ഒരു നോമ്പുകാരനെ നോമ്പുതുറപ്പിച്ചാൽ, അത് അയാളുടെ പാപങ്ങൾക്ക് മാപ്പും അയാളുടെ പിരടിക്ക് നരകത്തിൽനിന്നുള്ള മോചനവുമായിത്തീർന്നു. അയാൾക്ക് ആ നോമ്പുകാരന്റേതുപോലെ തന്നെയുള്ള പ്രതിഫലമുണ്ടായിരിക്കും. നോമ്പുകാരന്റെ പ്രതിഫലത്തിൽനിന്നു അൽപവും കുറയുകയുമില്ല.” ശ്രോതാക്കൾ ചോദിച്ചു: “തിരുദൂതരേ, ഞങ്ങളെല്ലാവരും നോമ്പുകാരനെ നോമ്പു തുറപ്പിക്കാൻ വകയുള്ളവരല്ലല്ലോ.” റസൂൽ പ്രതിവചിച്ചു: “ഒരു നോമ്പുകാരനെ ഒരു കാരക്കകൊണ്ടോ ഒരിക്കൽ കുടിക്കാനുള്ള വെള്ളം കൊണ്ടോ ഒരിറക്ക് പാലുകൊണ്ടോ നോമ്പു തുറപ്പിച്ചവന്നും ഈ പ്രതിഫലം ലഭിക്കുന്നതാണ്.”**

ഒരു ശഅ്ബാനിലെ അവസാനത്തെ ജുമുഅ ദിവസം നോമ്പിനെ സംബന്ധിച്ച് നബി (സ) നടത്തിയ പ്രഭാഷണം ഉദ്ധരിക്കുന്ന സുദീർഘമായ ഹദീസിന്റെ ഒരു ഭാഗമാണ് മുകളിലുദ്ധരിച്ചത്. റമദാനിൽ നോമ്പുകാരെ നോമ്പു തുറപ്പിക്കുന്നതിന്റെ മഹത്വവും പ്രാധാന്യവുമാണ് ഹദീസിലെ പ്രതിപാദ്യം.

നോമ്പുതുറയെ പരാമർശിക്കുന്നതിനു തൊട്ടുമുമ്പ് ഇതേ പ്രഭാഷണത്തിൽതന്നെ നബി (സ) റമദാൻ ക്ഷമയുടെയും സമത്വത്തിന്റെയും മാസമാണ് എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതുകൂടി മനസ്സിൽ വെച്ചുകൊണ്ട് വീക്ഷിക്കുമ്പോൾ ഈ തിരുവചനത്തിന് കേവലം ദാനധർമത്തിനുള്ള പ്രോത്സാഹനം എന്നതിൽ കവിഞ്ഞ അർഥവൈപുല്യമുള്ളതായി കാണാം. വ്യക്തികൾ തമ്മിലുണ്ടായിരിക്കേണ്ട സ്നേഹത്തിന്റെയും ഐക്യത്തിന്റെയും പ്രതീകമെന്ന നിലയിൽ കൂടിയാണ് നോമ്പുതുറ പ്രത്യേകം പ്രോത്സാഹിപ്പിക്കപ്പെട്ടിട്ടുള്ളത്.

മനുഷ്യൻ പാപപങ്കിലനും നരകാവകാശിയുമായിത്തീരുന്നത് ഏറിയകൂറും മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധങ്ങൾ വഷളാകുന്നതുമൂലമാണ്. അതിന്റെ കാരണം ക്രൂരത, സ്നേഹശൂന്യത, അനൈക്യം, അക്ഷമ, ധനമോഹം മുതലായ അധമവികാരങ്ങളാകുന്നു. ഈ വികാരങ്ങളെയൊക്കെ നിർജീവമാക്കി അവയുടെ വിപരീത ഗുണങ്ങളെ ഉണർത്താനുള്ള ശ്രമമാണ് നോമ്പ്. വ്രതാനുഷ്ഠാനത്തിലെ കണിശതയും നോമ്പു തുറപ്പിക്കുക പോലുള്ള കാര്യങ്ങളിലെ ഔത്സുക്യവുമാണ് ആ ശ്രമം എത്രത്തോളം വിജയിച്ചുവെന്ന് തെളിയിക്കുക.

നോമ്പുകാരനെ നോമ്പു തുറപ്പിക്കുന്നതുമൂലം നോമ്പുകാരന്റെ അത്രതന്നെ പ്രതിഫലം നോമ്പു തുറപ്പിക്കുന്നവന്നും ലഭിക്കുമെന്നും മറ്റൊരാളുടെ ഔദാര്യം സ്വീകരിച്ച് നോമ്പു തുറക്കുന്നത് നോമ്പുകാരന്റെ പ്രതിഫലത്തെ ഒട്ടും കുറക്കുകയില്ലെന്നും പറഞ്ഞത് പ്രത്യേകം ശ്രദ്ധേയമാണ്. നോമ്പു തുറക്കാൻ പരസ്പരം ക്ഷണിക്കുക, ക്ഷണിക്കപ്പെട്ടവർ അതു സ്വീകരിക്കുക, ഇതുതന്നെ ഒരു സൽക്കർമമായാണ് ഇസ്‌ലാം കാണുന്നത്. അതുകൊണ്ട് ക്ഷണം സ്വീകരിക്കുന്നത് ഒരു അപ്രധാന കാര്യമായി കരുതിക്കൂടാ. മുസ്‌ലിംസമൂഹത്തിന്റെ ഭദ്രതയിലേക്കുള്ള ഒരു സംഭാവനയായാണതു പരിഗണിക്കപ്പെടേണ്ടത്. സ്വഹാബികളുടെ സംശയത്തിന് തിരുദൂതർ നൽകിയ മറുപടി ഈ വസ്തുതയെ കൂടുതൽ സ്പഷ്ടമാക്കുന്നു.

കേവലം ദാനധർമത്തിന്റെയോ അതിഥി സൽക്കാരത്തിന്റെയോ സ്ഥാനമാണതിനുള്ളതെങ്കിൽ ദാനത്തിനും സൽക്കാരത്തിനും കഴിവും സൗകര്യവുമുള്ളവരോടു മാത്രമായിരിക്കുമല്ലോ ആ കൽപന. പക്ഷേ, ഇവിടെ തിരുമേനി പഠിപ്പിക്കുന്നത് ഓരോരുത്തരും തങ്ങൾക്കാവുംവിധം-അതെത്ര നിസ്സാരമായ വിഭവം കൊണ്ടായാലും ശരി- അപരന്മാരെ നോമ്പു തുറപ്പിക്കണമെന്നാണ്. വെറും പച്ചവെള്ളം കൊണ്ടായാൽ പോലും പാപങ്ങളിൽനിന്നുള്ള മാപ്പും നരകത്തിൽനിന്നുള്ള മോചനവും പ്രതിഫലം സിദ്ധിക്കുന്ന ഒരു വലിയ പുണ്യകർമമാണതെന്ന് അവിടുന്ന് പറഞ്ഞു. സാധാരണ ദാനധർമങ്ങളുടെ മാനത്തിൽനിന്നു വ്യത്യസ്തവും കൂടുതൽ വിപുലവുമായ ഒരു മാനം നോമ്പുതുറക്ക് ഉണ്ടെന്നാണല്ലോ ഇതു കുറിക്കുന്നത്.

സുപ്രധാനമായ മറ്റൊരാശയവും കൂടി ഈ തിരുവചനം ഉൾക്കൊള്ളുന്നുണ്ട്. കർമങ്ങളുടെ രൂപമല്ല, അതു നിർവഹിക്കുന്നവന്റെ മനഃശുദ്ധിയാണ് പ്രധാനം എന്നതത്രെ അത്. ഒരു കർമം അല്ലാഹുവിന്റെ ദൃഷ്ടിയിൽ അപൂർണമോ പൂർണമോ ആയിത്തീരുന്നത് അതിന്റെ കർത്താവിന് അതിനുള്ള വിഭവശേഷിയെ ആശ്രയിച്ചല്ല; പിന്നെയോ അയാളുടെ ആത്മാർഥതയെയും മനഃശുദ്ധിയെയും ആശ്രയിച്ചാണ്. ഒന്നിനും കഴിവി

ല്ലാത്ത ഒരാൾ കേവലം പച്ചവെള്ളം കൊണ്ട് മറ്റൊരാളെ നോമ്പു തുറപ്പിച്ചാലും കഴിവുള്ളവർ നടത്തിയ വിഭവസമൃദ്ധമായ നോമ്പുതുറയുടെ പുണ്യവും പ്രതിഫലവും അയാൾക്ക് കിട്ടുന്നു. ഒരവശൻ കിടന്നു നമസ്കരിച്ചാലും ആരോഗ്യവാൻ നിന്നു നമസ്കരിച്ചാലും പുണ്യം സിദ്ധിക്കുന്നു. സൗകര്യങ്ങളുടെയും കഴിവുകളുടെയും പരിമിതിമൂലം ആർക്കും സ്വർഗം തടയപ്പെടുന്നില്ല. സൗകര്യങ്ങളും കഴിവുകളുമുള്ളവർക്ക് സ്വർഗം വെച്ചുനീട്ടപ്പെടുന്നുമില്ല. പ്രശംസ മോഹിച്ചുകൊണ്ടാണെങ്കിൽ അനേകമാളുകളെ വിഭവസമൃദ്ധമായി നോമ്പുതുറപ്പിച്ചാലും അത് അപൂർണവും വിലക്ഷണവുമായിരിക്കും.

അവരവരുടെ കർമങ്ങൾ കഴിയുംവിധം പൂർണമാക്കി ആത്മാർഥതയോടെ ചെയ്യുക. ഇതാണ് ശരീഅത്ത് ഓരോരുത്തരോടും ആവശ്യപ്പെടുന്നത്. കഴിവില്ലായ്മകൊണ്ട് കർമങ്ങൾക്ക് നേരിടുന്ന അപൂർണതകളെ അല്ലാഹു അപൂർണതകളായി എണ്ണുന്നില്ല. തന്റെ ദാസന് താൻ നൽകിയിട്ടുള്ള കഴിവ് ആത്മാർഥമായി ഉപയോഗിച്ചുവോ എന്നേ അവൻ നോക്കൂ. നൽകപ്പെടാത്തത് വിനിയോഗിച്ചുവോ ഇല്ലേ എന്ന പ്രശ്നമേയില്ല. നൽകിയത് വേണ്ടവിധം വിനിയോഗിച്ചുവെങ്കിൽ കർമം പൂർണമാണ്. പൂർണമായ പ്രതിഫലത്തിനർഹമാണ്.